بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 23.01.2015

## (24 RABI'UL AAKHIR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനുശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) വിശുദ്ധ ഖുർ ആനിലെ നാലാം അദ്ധ്യായം 35-ാം വചനം ഓതുകയുണ്ടായി.

## ഭാര്യാ ഭർത്താക്കന്മാരുടെ ഉത്തരവാദിത്വങ്ങൾ / THE DUTIES OF SPOUSES

**"പുരുഷന്മാർ സ്ത്രീകളുടെ മേൽ രക്ഷാധികാരമുള്ളവരാണ്. അല്ലാഹു അവരിൽ ചിലർക്ക് മറ്റവരേക്കാൾ (പുരുഷന്മാർക്ക് സ്ത്രീകളെക്കാൾ) ചില മേന്മകൾ നൽകിയതുകൊണ്ടും, അവർ തങ്ങളുടെ ധനത്തിൽ നിന്ന് ചെലവു ചെയ്യുന്നുവെന്നുള്ളതുകൊണ്ടുമാണിത്."** (4:35) ഇതേ വചനത്തിൽ അല്ലാഹു (ത) തുടർന്നു പറയുന്നു. **"അതിനാൽ സച്ചരിതരായ സ്ത്രീകൾ, അനുസരണശീലമുള്ളവരും, അല്ലാഹു സംരക്ഷിച്ചവിധം (തങ്ങളുടെ ഭർത്താക്കന്മാരുടെ) രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണ്."** (4:35)

ആയതിനാൽ ഈ ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ ഭാര്യമാരോടുള്ള ഉത്തരവാദിത്വം ഭർത്താവും, ഭർത്താവിനോടുള്ള ഉത്തരവാദിത്വം ഭാര്യ/ ഭാര്യമാരും നിറവേറ്റേണ്ടതാണ്. ഭർത്താവിന് ഭാര്യ/ ഭാര്യമാരേക്കാൾ അൽപം കൂടുതൽ അധികാരം ഉള്ളതായി നമുക്ക് വിശുദ്ധ ഖുർആൻ മനസ്സിലാക്കി തരുന്നു. ഈ ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിൽ, ഭാര്യയും ഭർത്താവും അവർ ഓരോരുത്തരും, അല്ലാഹു (ത) അവർക്ക് നൽകിയ അവകാശങ്ങൾ അനുഭവിക്കുന്നവരുമാണ്. ആ അവകാശം അവർക്ക് പരസ്പരം അവകാശപ്പെടാവുന്നതുമാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും ഉത്തരവാദിത്വത്തെപ്പറ്റിയും അവർ ഓരോരുത്തർക്കുമുള്ള അവരുടെ അവകാശങ്ങളെക്കുറിച്ചും അത് വെളിച്ചം വീശുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു. **"അവർ നിങ്ങൾക്ക് ഒരു വസ്ത്രമാണ്, നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു"** (2:188) ഈ വചനത്തിലൂടെ വെളിവാകുന്നത് അല്ലാഹു (ത) നമ്മെ മനസ്സിലാക്കി തരുവാൻ ആഗ്രഹിക്കുന്നത് **"ഭാര്യയുടെയും ഭർത്താവിന്റെയും അവകാശങ്ങൾ തുല്യമാണ് "** എന്നാണ്. നിങ്ങൾക്കറിയാം വസ്ത്രം ശരീരത്തെ മറയ്ക്കുവാനുള്ളതാണെന്ന്. പ്രത്യേകിച്ച് അതിന്റെ ന്യൂനതയെ! മാത്രമല്ല വസ്ത്രങ്ങൾ നമ്മെ അലങ്കരിക്കുവാനുള്ളതാണ്. പുരുഷനെയും സ്ത്രീയേയും ! ചൂടിൽ നിന്നും തണുപ്പിൽ നിന്നും അത് നമ്മെ സംരക്ഷിക്കുന്നു.

ഭർത്താവും ഭാര്യയും വസ്ത്രങ്ങളാണെന്ന് താരതമ്യപ്പെടുത്തുമ്പോൾ, ഇസ്‌ലാം കാണിക്കുവാൻ ആഗ്രഹിക്കുന്നത് ഒരു നല്ല ഭാര്യ തന്റെ ഭർത്താവിന്റെ നിലയും വിലയും കാത്തു സംരക്ഷിക്കുന്നവളാണ്. തന്റെ ഭർത്താവിന്റെ ന്യൂനതകൾ വിളമ്പാൻ അവൾ പുറത്തു പോകില്ല. അതുപോലെ ഒരു നല്ല ഭർത്താവ് തന്റെ ഭാര്യയുടെ ന്യൂനതകൾ മറ്റുള്ളവരുമായി പങ്കു വയ്ക്കില്ല. അവളെ അവൻ അപമാനിക്കില്ല; പരിഹസിക്കില്ല. ഇതാണ് ഇസ്‌ലാമിന്റെ സൗന്ദര്യം. വസ്ത്രം കൊണ്ട് അർത്ഥമാക്കുന്നത് പർദയാണ്. അതിലെ സൗന്ദര്യം എന്നത് **"അവളുടെ സൗന്ദര്യം അവൾ വെളിവാക്കാതിരിക്കലാണ് "** അവളുടെ വസ്ത്രധാരണത്തിലൂടെ ആ സൗന്ദര്യം മറ്റ് പുരുഷന്മാരുടെ മുമ്പിൽ പ്രകടിപ്പിക്കരുത് ! ആ സൗന്ദര്യം അവൾ തന്റെ ഭർത്താവിനുവേണ്ടി മാത്രം കരുതിവയ്ക്കേണ്ടതാണ്. ഭർത്താവിനെ സംബന്ധിച്ചിടത്തോളം തന്റെ ഭാര്യയോട് വിശ്വസ്തത പുലർത്തുന്നവനായിരിക്കണം. (അവൻ മോശമായ ഒരു ജീവിതം നയിക്കരുത് എന്ന് സാരം) ഇങ്ങനെയായാൽ അവരുടെ ഭവനം, ശാന്തി, സമാധാനം, അനുഗ്രഹങ്ങൾ എന്നിവകൊണ്ട് നിറയുന്നതാണ്.

ഒരുവന്റെ ശരീരത്തിലെ ന്യൂനത വസ്ത്രംകൊണ്ട് മറയ്ക്കുന്നതുപോലെ തന്നെ വസ്ത്രം അവന്റെ സൗന്ദര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതുപോലെ ഭർത്താവും ഭാര്യയും തങ്ങളുടെ ന്യൂനതകളെ പരസ്പരം

മറയ്ക്കുകയും, നല്ല ഭാഗം മാത്രം വെളിവാക്കുകയും ചെയ്യേണ്ടതാണ്. പരസ്പരം പോരടിക്കുന്നതിനു പകരം തങ്ങളുടെ അവകാശങ്ങൾ മടക്കി ചോദിക്കുന്നതിനു പകരം, അങ്ങനെ അവരുടെ വൈവാഹിക ജീവിതം ഇരുളടഞ്ഞതാകാതിരിക്കുവാൻ ഭാര്യയും ഭർത്താവും വിശുദ്ധ ഖുർആനെപ്പറ്റി ചിന്തിക്കുകയും, വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) ഈ പ്രശ്നം എങ്ങനെയാണ് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് കാണുകയും, ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു ! അതായത് ഭർത്താവിന്റെ അവകാശങ്ങളെപ്പറ്റിയും, ഭാര്യയുടെ അവകാശങ്ങളെപ്പറ്റിയും, അത് പ്രതിപാദിക്കുന്നു. അതിലൂടെ അവർക്ക് പരസ്പരം വളരെ വേഗം മനസ്സിലാക്കുവാൻ സാധിക്കുന്നു; അതുപോലെ ഈ ഭൗതിക ലോകത്തിൽ അവർ ഇരുവർക്കും ഉള്ള ഉത്തരവാദിത്വങ്ങളും അത് മനസ്സിലാക്കി തരുന്നു. ഈ രീതിയിൽ അനേകം വഴക്കുകൾ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. ഓരോരുത്തരും മറ്റുള്ളവരുടെ അവകാശങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നു. ആ അവകാശങ്ങൾ വിശുദ്ധ ഖുർ ആനിലൂടെ അല്ലാഹു (ത) മുസ്ലീങ്ങളെ പഠിപ്പിച്ചിരിക്കുന്നു.

ഭർത്താവ് തന്റെ ഭാര്യ/ ഭാര്യമാരുമായി നല്ല നിലയിൽ കഴിയേണ്ടതാണ്. തനിക്ക് ഇഷ്ടപെടാത്ത എന്തെങ്കിലും കാര്യം ഭാര്യ ചെയ്യുകയാണെങ്കിൽ, അഥവാ അവനെ അവൾ അവഗണിക്കുകയാണെങ്കിൽ അഥവാ അവൾ അവനോട് രൂക്ഷ പരിഹാസാത്മകമായ നിലയിൽ സംസാരിച്ചാൽ, അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു. ഇത്തരം സന്ദർഭങ്ങളിൽ ക്ഷമയാണ് നല്ലത് ! സൗകര്യമായ നിലയിൽ അവളോടൊപ്പം കഴിയുക ; അവനെ പൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ അവൾക്ക് കഴിഞ്ഞില്ലെങ്കിൽ പോലും !

ഹസ്രത് മുഹമ്മദ് (സ) ഉപദേശിച്ചിരിക്കുന്നു അതായത് ഒരു ഭർത്താവ് തന്റെ ഭാര്യയോട് അതിമാത്സര്യം കാണിക്കരുത് അവൾക്ക് അൽപം ന്യൂനതയോ, ദുഃസ്വഭാവങ്ങളോ ഉണ്ടെങ്കിൽ പോലും ! തന്റെ ഭർത്താവിനെ പ്രതിരോധിക്കുന്നതിന് ചില വാക്കുകൾ പറഞ്ഞെന്നുവരാം. ആയതിനാൽ ഭർത്താവ് അവളെ വെറുക്കരുത്; കാരണം അവളിൽ കുറേയേറെ നല്ല ഗുണങ്ങളുമുണ്ടാകാം.

മറ്റൊരു ഹദീസിൽ ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. **“ നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ നിങ്ങളിൽ ഭാര്യമാരോട് നന്നായി പെരുമാറുന്നവനായാരിക്കും”** ഹജ്ജത്തുൽ വദാഇൽ വെച്ച് നബികരീം (സ) പറഞ്ഞു. **“ ഹേ ജനങ്ങളെ ! നിങ്ങളുടെ സ്ത്രീകളോട് നിങ്ങൾ നല്ല നിലയിൽ വർത്തിക്കണം; അവരോട് നിങ്ങൾ ദയയുള്ളവരുമായിരിക്കണം”** അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഈ കല്പനകൾ, ഭർത്താവിന് തന്റെ ഭാര്യമാരോടുള്ള ഉത്തരവാദിത്വങ്ങൾ എന്താണെന്ന് വളരെ വ്യക്തമായും മനസ്സിലാക്കി തരുന്നു. എല്ലാ ഭർത്താക്കന്മാർക്കും ജീവിത സാഹചര്യങ്ങൾ ഒരു പോലെയായിരിക്കില്ല. അതുകൊണ്ട് തന്നെ മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്യുവാൻ സാധിക്കില്ല. ഓരോ ഭർത്താവും, തന്റെ കയ്യിലുള്ള പരിമിതമായ ധനത്തെ ആശ്രയിക്കുന്നവനാണ്. ആ പരിധിയിൽ നിന്നുകൊണ്ടുമാത്രമേ അവന് ചെലവഴിക്കുവാൻ സാധിക്കുകയുള്ളൂ. തന്റെ ഭാര്യമാരേ സന്തോഷിപ്പിക്കുവാൻ തന്റെ കയ്യിലുള്ളതുമാത്രമേ ചെലവഴിക്കുവാൻ സാധിക്കുകയുള്ളൂ. നിശ്ചയം ! അല്ലാഹു അമിതത്വം ഇഷ്ടപ്പെടുന്നില്ല.

തന്റെ ഭർത്താവുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുവാനുള്ള അവകാശം ഭാര്യയ്ക്കുണ്ട്. ഇസ്ലാമിക നിയമം (ശരീ അത്ത്) ഇതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. ലൈംഗികമായി ഭർത്താവ് തന്റെ ഭാര്യയെ തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ, അയാൾ തന്റെ ഭാര്യയുടെ അവകാശം പൂർത്തീകരിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ് - അങ്ങനെയാണെങ്കിൽ അയാൾ സ്വയം സുരക്ഷിതമായ വഴികൾ കണ്ടെത്തേണ്ടതാണ്. ഒരു ഭാര്യയുമായിട്ടോ അല്ലെങ്കിൽ പല ഭാര്യമാരുമായിട്ടോ അവരുടെ നേരെ പക്ഷപാതപരമായ സമീപനം ഉണ്ടാകരുത്. ഈ വിഷയത്തിൽ തങ്ങളുടെ ഭർത്താവിനെ അവർ ശല്യപ്പെടുത്തുവാൻ പാടില്ല. ഈ അവകാശത്തെ കുറ്റപ്പെടുത്തുവാനും, പാടില്ല. അവർക്കായി നിശ്ചയിച്ച സമയങ്ങളിൽ സംതൃപ്തരായിരിക്കുക. ഭാര്യമാർ മനസ്സിലാക്കേണ്ട ഒരു കാര്യം ഇതാണ് ! തന്റെ ഭർത്താവ് ഒരു മനുഷ്യനാണ് ; ആയതിനാൽ ഭാര്യ അദ്ദേഹത്തെ നിശ്ചയമായും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ചിലപ്പോൾ ജോലിയിലുള്ള പ്രശ്നങ്ങൾകൊണ്ടോ മറ്റോ അദ്ദേഹം ക്ഷീണിതനായിരിക്കാം ; മറ്റു മാനസിക പിരിമുറുക്കങ്ങൾ ഉണ്ടായിരിക്കാം ; ആരോഗ്യ പ്രശ്നങ്ങളുമുണ്ടാകാം. ഇത് ഒരു പ്രശ്നമാക്കി മാറ്ററുത്. ഇതിന്റെ പേരിൽ ഭാര്യയും ഭർത്താവും വഴക്കിടുവാൻ ഇടവരരുത്. അതുപോലെ ഭാര്യ മനസ്സിലാക്കിയിരിക്കേണ്ട കാര്യമാണ്, തന്റെ ഭർത്താവിന് ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടെങ്കിൽ അവർക്കെല്ലാം അദ്ദേഹത്തിന്റെ മേൽ തുല്യ അവകാശമാണുള്ളത്. ഓരോരുത്തർക്കും അവരുടേതായ സമയപരിധികളുണ്ട്. ആയതിനാൽ, ഭർത്താവ് ഭാര്യയെ ലൈംഗികമായി തൃപ്തിപ്പെടുത്തേണ്ടത് വളരെ പ്രധാനപ്പെട്ട

കാര്യമാണ്. ഭാര്യക്ക് ലൈംഗികബന്ധം ആവശ്യമാണെങ്കിൽ, അത് അവരുടെ അവകാശവുമാണ്.

ഞാൻ ഇത് പറയുവാൻ കാരണം, ചിലപ്പോൾ ഇത് സംഭവിക്കാം. അതായത് ഒരു ഭർത്താവ് തന്റെ ഭാര്യയെ ലൈംഗികമായി തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ, അയാൾ വീട്ടിൽ നിന്നും പോകുമ്പോൾ, അവൾ വ്യഭിചാര വൃത്തിയുടെ ഇരയായി തീരാം. ഭാര്യയുടെ അടിസ്ഥാനപരമായ ഈ അവകാശത്തെപ്പറ്റി ഓർമിപ്പിക്കുന്നത്, ഇത് വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ടാണ്. ഇതിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നതിനായി, ഹസ്രത് ഉമർ (റ) ന്റെ കാലത്ത് അദ്ദേഹം ഖലീഫയായിരുന്നപ്പോൾ നടന്ന ഒരു സംഭവം ഉദ്ധരിക്കുകയാണ്. മദീനയിൽ പട്ടണവീഥിയിലൂടെ അദ്ദേഹം രാത്രിയിൽ സഞ്ചരിക്കുകയായിരുന്നു. അദ്ദേഹം ഒരു വീടിന്റെ സമീപം എത്തി. അവിടെ നിന്ന് ഒരു സ്ത്രീ ശബ്ദം അദ്ദേഹം കേട്ടു. അവൾ ഒരു പദ്യം ചൊല്ലുകയായിരുന്നു. ആ വരികളിലൂടെ അവളുടെ മനസ്സിന്റെ വികാരങ്ങൾ വ്യക്തമാക്കുന്നുണ്ടായിരുന്നു. **“ അല്ലാഹുവിന്റെ കല്പനയെ ലംഘിക്കുന്നത് ഞാൻ ഭയന്നില്ലായിരുന്നെങ്കിൽ, ഞാൻ തെറ്റു ചെയ്തുപോകുമായിരുന്നു. (വ്യഭിചരിച്ചുപോയേനേ)”**

അടുത്ത ദിവസം ഹസ്രത് ഉമർ (റ) ആ സ്ത്രീയുടെ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ചു. അവളുടെ ഭർത്താവ് വളരെ നാളായി ജിഹാദിനായി പോയിരിക്കുകയാണെന്ന് മനസ്സിലായി. അവൾക്ക് തന്റെ ഭർത്താവിനെ കൂടാതെ ഇനി മുന്നോട്ടു പോകുവാൻ കഴിയില്ലായെന്നും മനസ്സിലാക്കി. ഇത് മനസ്സിലാക്കിയ ഉമർ (റ) അവളുടെ കാര്യത്തിൽ ദുഃഖിതനായി. എന്നിട്ട് തന്റെ മകളായ പ്രവാചക പത്നി ഹസ്രത് ഹഫ്സാ (റ) യോട് ചോദിച്ചു. **“ തന്റെ ഭർത്താവിനെ കൂടാതെ എത്രനാൾ ഒരു ഭാര്യക്ക് കഴിയുവാൻ കഴിയും.”** ഹസ്രത് ഹഫ്സാ (റ) മറുപടിയായി പറഞ്ഞു. നാലുമാസം.

ഹസ്രത് ഉമർ (റ) എല്ലാ സേനാ വ്യൂഹത്തിലേക്കും കത്തെഴുതി. നാലുമാസത്തിൽ കൂടുതൽ വിവാഹിതനായ ഒരു പട്ടാളക്കാരനും തന്റെ ഭാര്യയിൽ നിന്നും അകന്നു നിൽക്കുവാൻ പാടുള്ളതല്ല.

ഹസ്രത് അമീറുൽ മുഅ്മിനീൻ ഉമർ (റ) എടുത്ത ഈ ബുദ്ധിപരമായ തീരുമാനത്തെപ്പറ്റി ഞാൻ വളരെയധികം ചിന്തിച്ചു. മുൻകഴിഞ്ഞ വെള്ളിയാഴ്ച ഖുത്തുബകളിലും, മറ്റു പ്രഭാഷണങ്ങളിലും പറഞ്ഞതുപോലെ ഞാൻ എന്നോട് തന്നെ ഈ ചോദ്യം ചോദിക്കുകയാണ്.! അഹ്മദിയാ ജമാഅത്ത്, ഈ കാര്യത്തെക്കുറിച്ച് ബോധവാന്മാരല്ലേ ? ഒരു മിഷനറി ഇസ്‌ലാമിന് വേണ്ടി തന്റെ ജീവിതം സമർപ്പിക്കുമ്പോൾ ഈ മിഷണറിയെ തന്റെ ഭാര്യയിൽ നിന്നും അകറ്റുന്നതിന് അവർക്ക് അൽപം പോലും ആലോചിക്കേണ്ടി വരുന്നില്ലല്ലോ ? അതും മൂന്ന് വർഷവും അതിൽ കൂടുതലും ! മിഷണറി വിദേശത്ത് പോകുമ്പോൾ, അദ്ദേഹത്തിന്റെ എല്ലാ കാര്യങ്ങളും സ്വയം ചെയ്യേണ്ടി വരുന്നു. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തോടൊപ്പമില്ല. അദ്ദേഹത്തിന്റെ കാര്യങ്ങൾ നോക്കുന്നതിന് ! എന്നാൽ അവർ ജമാഅത്തിലെ വലിയ ആളുകൾ അധികാരത്തിലിരിക്കുന്നവർ, അവർ വിദേശത്ത് പോകുമ്പോൾ, അതും കുറച്ചു ദിവസങ്ങളിലേക്കോ അല്ലെങ്കിൽ ഏതാനും ആഴ്ചകളിലേക്കോ, അവർ അവരുടെ ഭാര്യമാരേയും കുട്ടികളേയും  കൂടെ കൂട്ടുന്നു. അല്ലെങ്കിൽ മറ്റു കുടുംബാംഗങ്ങളെ അവരോടൊപ്പം കൂട്ടുന്നു. അപ്പോൾ ഈ മിഷണറി ഒരു മനുഷ്യനല്ലേ ? അദ്ദേഹത്തിന്റെ ഭാര്യ മൂന്നു വർഷത്തിലധികം തന്റെ ഭർത്താവിനുവേണ്ടി ത്യാഗം ചെയ്യേണമോ ? അഥവാ തിരിച്ചും ? അദ്ദേഹത്തിന്റെ ശരീരത്തിലൂടെ ഒഴുകുന്നത് മനുഷ്യ രക്തമല്ലേ ? ഈ മിഷണറി മാരോടെല്ലാം എന്ത് അനീതിയാണ് ഇവർ ചെയ്യുന്നത് ? അവർ വിദേശത്ത് പോയി ജമാഅത്തിന് സേവനം ചെയ്യാൻ വേണ്ടി തങ്ങളുടെ ഭാര്യമാരേയും കുട്ടികളെയും തനിച്ചാക്കിയിട്ട് പോകേണ്ടിവരുന്നു.

അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന ഒരു ജമാഅത്ത്, ആ ജമാഅത്തിലെ മിഷണറി മാരോടൊപ്പം അവരുടെ കുടുംബത്തിനെയും അയക്കുന്നതിന്, പണത്തിന്റെ പഞ്ഞം ഒട്ടില്ലതാനും ! പിന്നെന്തേ ? ഈ മിഷണറിമാരുടെ അവകാശങ്ങളെ അവർ ഹനിച്ചിരിക്കുകയാണ് ; ഇത് അധികാര ദുർവിനിയോഗം തന്നെയാണ് ; ജമാഅത്ത് അഹ്മദിയായ്ക്കുവേണ്ടി ജീവിതം നൽകിയവരുടെ മേലുള്ള അധാർമ്മികമായ നടപടി ! ഇൻശാ അല്ലാഹ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ , ഇത്തരത്തിലുള്ള അധികാര ദുർവിനിയോഗങ്ങളും അനീതിയും ഉണ്ടാകില്ല. അല്ലാഹു (ത) യുടെ മാർഗ്ഗത്തിൽ ജീവിതം അർപ്പിക്കുന്നവരുടെ മേൽ ! ഇൻശാ അല്ലാഹ് ! എന്റെ മരണശേഷവും എന്റെ സ്ഥാനത്ത് അധികാരമേൽക്കുന്നവർ ഇത്തരത്തിലുള്ള അധികാര ദുർവിനിയോഗം നടത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.

എന്റെ പ്രസംഗത്തിന്റെ വിഷയത്തിലേക്ക് ഞാൻ മടങ്ങി വരുകയാണ്. (ഇന്നത്തെ എന്റെ വിഷയം ഇതല്ല; എന്നാൽ ഇൻശാ അല്ലാഹ് ! ഇത്തരം അനീതി സംബന്ധമായി കൂടുതൽ സംസാരിക്കുവാൻ അല്ലാഹു തൗഫീഖ് ചെയ്താൽ മറ്റൊരവസരത്തിൽ സംസാരിക്കുന്നതാണ്)

ഭാര്യ ഒരു തെറ്റു ചെയ്താൽ, ഭർത്താവ് ആ തെറ്റ് തിരുത്തി കൊടുക്കേണ്ടതാണ്. (സംഗതിയുടെ ഗൗരവം കണിക്കിലെടുത്ത്) ചിലപ്പോൾ അത് വിനയത്തോടെ ആയിരിക്കാം, ചിലപ്പോൾ കോപത്തോടെ ആയിരിക്കാം. ചിലപ്പോൾ അത് ഉപദേശ രൂപത്തിലായിരിക്കാം, ചിലപ്പോൾ അത് സൗഹൃദ സംഭാഷണത്തിലൂടെയുമാകാം.

ഇത് ഭർത്താക്കൻമാരുടെ കടമയായി കാണേണ്ടതാണ്. വീട്ടിൽ നിന്നും ജോലിക്കായി പുറത്തുപോകേണ്ടത് ചുണ്ടിൽ ഒരു പുഞ്ചിരിയോടെ ആയിരിക്കണം, അവരുടെ നാവിൽ നിന്നും സലാമും പുറത്തു വരണം. ഒരാളിന്റെ ഭാര്യ സുഖമില്ലാതെയായാൽ, അവളുടെ കാര്യങ്ങൾ അനുകമ്പാപൂർവ്വം നിർവ്വഹിച്ചു കൊടുക്കേണ്ടത് അദ്ദേഹത്തിന്റെ കർത്തവ്യമാണ്. തന്റെ ഭാര്യ സുഖമില്ലാതിരിക്കുമ്പോൾ ആസമയത്ത് കുട്ടികളുടെ സംരക്ഷണം അയാൾ ഏറ്റെടുക്കേണ്ടതാണ്. വീട്ടിലെ പതിവ് പണികൾ അയാൾ ഏറ്റെടുക്കേണ്ടതാണ്, ഭക്ഷണം തയ്യാറാക്കുന്നതുൾപ്പടെ ; ഭാര്യക്ക് ഒരു ശല്യവും ഉണ്ടാകാതെ നോക്കേണ്ടതാണ്. ഇത്തരം സാഹചര്യങ്ങളിലൂടെയാണ് യഥാർത്ഥ സ്നേഹം പ്രകടമാകുന്നത്. മാത്രമല്ല ഒരു സ്ത്രീ തന്റെ കുടുംബാംഗങ്ങളെ സന്ദർശിക്കുവാനാഗ്രിക്കുകയാണെങ്കിൽ, ഭർത്താവ് അവരുടെ അടുത്ത ആളുകളെ സന്ദർശിക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കേണ്ടത് അദ്ദേഹത്തിന്റെ കടമയാണ് എന്ന് മനസ്സിലാക്കുക. ഒരാൾ തന്റെ ഭാര്യമാരോടുള്ള വൈവാഹിക ജീവിതത്തിലെ രഹസ്യങ്ങൾ, രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ പാടില്ല. പ്രത്യേകിച്ച് അവരുടെ ദാമ്പത്തിക ജീവിതത്തെ സംബന്ധിക്കുന്ന രഹസ്യ നിമിഷങ്ങൾ ! ആ നിമിഷങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾ തികച്ചും വ്യക്തിപരവും രഹസ്യവുമായി നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

ഒരു പ്രവാചക വചനത്തിൽ പറയുന്നു **“ അല്ലാഹു (ത) കൂടുതൽ വെറുക്കുന്നവനെപ്പറ്റി പറയുന്നു. ഒരുവൻ തന്റെ ഭാര്യയുമായി രഹസ്യമായി കാര്യങ്ങൾ ചെയ്തു. എന്നിട്ട് അവൻ താൻ ചെയ്ത കാര്യങ്ങൾ പരസ്യമായി മറ്റുള്ളവരിലേക്ക് എത്തിക്കുന്നു ; മനസ്സിലാക്കുക ഈ സംസാരം തന്റെ ഭാര്യ കേൾക്കാൻ ഇടയായാൽ ; തന്റെ ഭർത്താവിലുള്ള വിശ്വാസം എങ്ങനെ നഷ്ടമായി എന്ന് ചോദിച്ചാൽ മതി !”**

ഭാര്യയും ഭർത്താവും തമ്മിൽ എന്തെങ്കിലും കാര്യത്തിൽ തർക്കമുണ്ടായാൽ, ഭർത്താവ് പെട്ടെന്നുണ്ടാകുന്ന ഉൾപ്രേരണയാൽ, കോപത്തിനടിപ്പെട്ട് ത്വലാഖ് (ഇസ്ലാമിക വിവാഹ മോചനം) കൊടുക്കരുത്. ഭാര്യയും ഭർത്താവും ആദ്യം ശാന്തരാകട്ടെ; അവരുടെ കോപം ശമിക്കട്ടെ ! എന്നിട്ട് നടന്ന കാര്യത്തെക്കുറിച്ച് ശാന്തമായി അവർ ചിന്തിക്കട്ടെ ! വിവാഹം എന്നത് ഒരു തമാശയല്ല; പെട്ടെന്നുണ്ടാകുന്ന ഉൾപ്രേരണയാൽ നൽകേണ്ടതല്ല ത്വലാഖ് അഥവാ വിവാഹ മോചനം. മാത്രമല്ല ഭാര്യയും തന്റെ ഭർത്താവിനോട് ത്വലാഖ് ആവശ്യപ്പെടാൻ പാടില്ല. നിങ്ങൾ മനസ്സിലാക്കുക ! ഇപ്പോൾ മിക്കവാറും വിവാഹതരായ യുവാക്കൾ, പ്രത്യേകിച്ച് സമ്പന്നകുടുംബങ്ങളിലെ യുവതികൾ, അല്ലെങ്കിൽ നല്ല നിലയിൽ ഔദ്യോഗിക സ്ഥാനത്തിരിക്കുന്ന യുവതികൾ, ഭാവിയിലേക്ക് പ്രതീക്ഷയോടെ നോക്കുന്ന അവരുടെ ഭർത്താക്കന്മാരേക്കാൾ കൂടുതൽ സമ്പാദിക്കുന്നവർ, വിവാഹ ശേഷം, ഈ പെൺകുട്ടികൾ തങ്ങളുടെ ഭർത്താക്കന്മാരുടെ വീടുകളിലെ വധുക്കളായ ശേഷം, അവരുടെ ഭർത്താക്കന്മാരോട് കൽപ്പിക്കുവാനുള്ള ഒരു ആഭിമുഖ്യം കാണിക്കുകയും, ഭാര്യമാരുടെ മേലുള്ള എല്ലാ അധികാര അവകാശങ്ങളും നഷ്ടപ്പെടുകയും ചെയ്യുന്നു.

ഈ അവസ്ഥ കുടുംബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ് ! ഭർത്താവ് തന്റെ ഭാര്യയുടെ മേൽ എല്ലാ വിധ സ്നേഹവും ചൊരിയുകയും മധുരമായി പെരുമാറുകയും ചെയ്താൽ , അങ്ങനെ അവൻ എല്ലാം സഹിച്ചാൽ, അവൾക്ക് എല്ലാ സ്വാതന്ത്ര്യവും നൽകിയാൽ, അതായത് അവൾ ഒറ്റയ്ക്ക് പുറത്തു പോകണമെങ്കിൽ അനുവാദം നൽകുക, അവൾ ഉദ്ദേശിക്കുന്നസമയത്ത് വീട്ടിൽ മടങ്ങിവരിക, അവരുടെ ശകാരം കേൾക്കുക തുടങ്ങിയവ. ഇത്തരം ഭാര്യമാർ പരിധിലംഘകരമാണ്. അവർ തങ്ങളുടെ ഭർത്താക്കന്മാരോട് കല്പിക്കുവാൻ തുടങ്ങുന്നു. എപ്പോഴെങ്കിലും ഒരക്ഷരം അവൾക്കെതിരിൽ ഉയർത്തിയാൽ, അവൾ കോപിഷ്ഠയായി ഭർതൃഗൃഹത്തിൽ നിന്നും അവളുടെ സാധനങ്ങളുമായി തന്റെ രക്ഷിതാക്കളുടെ വീട്ടിലേക്ക് മടങ്ങിപോകുന്നു. എന്നിട്ട് ഭർത്താവിനെതിരിൽ ഏഷണി പറയുന്നു. തന്റെ ഭർത്താവ് ഭയങ്കരനാനാണെന്ന് പ്രചരിപ്പിക്കുന്നു. ഭർത്താവ് തന്റെ ഭാര്യയ്ക്ക് അമിത സ്വാതന്ത്ര്യം നൽകിയാൽ അതിന്റെ പര്യവസാനം ഇങ്ങനെയായിരിക്കും. അതിന്റെ ഫലം ഭയാനകമായിരിക്കും. ഒരു തകർന്ന വൈവാഹിക ജീവിതം ! ഇനി ഭാര്യക്ക് ജോലി ഉണ്ടെങ്കിൽ, അവൾക്ക് മറ്റ് ആളുകളുമായി നിരന്തര ബന്ധമുണ്ടെങ്കിൽ മറ്റുള്ളവർ ജീവിക്കുന്നതുപോലെ അവളും ജീവിക്കാൻ ആഗ്രഹിക്കും. ആരും പറയുന്നത് കേൾക്കുവാൻ തയ്യാറാവുകയുമില്ല. ഇക്കാരണത്തലാണ് അനേകം ഭാര്യമാർ ഭർത്താക്കന്മാ

രോട് ത്വലാഖ് ആവശ്യപ്പെടുന്നത്. സത്യത്തിൽ അവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളൊന്നും, അറിയുകയുമില്ല. അവർ അവരുടെ ഭർത്താക്കന്മാരെ വിവാഹമോചനത്തിന്റെ പേരിൽ ശല്യപ്പെടുത്തികൊണ്ടിരിക്കുന്നു. തന്റെ ഭാര്യക്ക് വിവാഹ മോചനം കൊടുക്കുവാൻ ഭർത്താക്കന്മാർ തയ്യാറാകാത്തപ്പോൾ, ഭാര്യ കരുതുന്നു, അവൾ ഒരു വലിയ ആളാണ്, തന്റെ ഭർത്താവിന്റെ ജീവിതത്തിൽ ഞാനൊരു ഒഴിച്ചുകൂടാൻ കഴിയാത്ത ഘടകമാണെന്ന്. അങ്ങനെ അവൾ തന്റെ അധികാരമാകുന്ന ചുറ്റികകൊണ്ട് അവനെ അടിക്കുവാൻ ശ്രമിക്കുന്നു. നിശ്ചയം ! അല്ലാഹു (ത) ഇത് വളരെയധികം വെറുക്കുന്ന കാര്യമാണ്.

ഒരു പ്രവാചക വചനത്തിൽ, ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു **“ അനുവദനീയമായ (ഹലാൽ) കാര്യങ്ങളിൽ ഏറ്റവും വെറുക്കപ്പെട്ട കാര്യം (അല്ലാഹുവിന്റെ വീക്ഷണത്തിൽ) ത്വലാഖ് (വിവാഹ മോചനം) ആകുന്നു.” (അബൂദാവൂദ്)**

പുരുഷന്മാരിൽ ചിലർ, തങ്ങളുടെ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങൾ എന്താണെന്ന് അധികം ചിന്തിക്കാതെ, അവരുടെ ഭാര്യമാർക്ക് ത്വലാഖ് കൊടുക്കുന്നു. അതുപോലെ സ്ത്രീകളിലും ചിലർ തങ്ങളുടെ ഭർത്താക്കന്മാരിൽ നിന്നും ത്വലാഖ് ചോദിച്ചു വാങ്ങുന്നവരുണ്ട്. ഇനി അവർക്ക് ത്വലാഖ് കൊടുക്കാതിരിക്കുകയാണെങ്കിൽ, അവർ പ്രത്യേക വിവാഹമോചനം (ഖുലാഅ്) നടത്തുന്നു. യഥാർത്ഥത്തിൽ ഖുലാഅ് എന്താണെന്ന് അവർക്കറിയില്ല. ഏത് സാഹചര്യത്തിലാണ് തങ്ങളുടെ ഭർത്താക്കന്മാരോട് ഖുലാഅ് നടത്തേണ്ടതെന്നും അറിയില്ല. ഖുലാഅ് നടത്തുവാൻ ഒരാൾ എങ്ങനെയാണ് തയ്യാറാകേണ്ടതെന്നുപോലും അവർക്കറിയില്ല. ഖുലാഅ് എന്ന വാക്കിന്റെ അർത്ഥം തന്നെ അവർക്ക് പിടികിട്ടാത്തതാണ്. അനേകം ആളുകൾ പണ്ഡിതന്മാരാണെന്ന് ധരിക്കുന്നവരുണ്ട്. എന്നാൽ യഥാർത്ഥ ഖുലാഅ് എന്തെന്ന് അവർക്കറിയില്ല. അവരെ തയ്യാറാക്കേണ്ടത് എങ്ങനെയെന്നും അറിയില്ല. ഏത് സാഹചര്യത്തിലാണ് ഒരു സ്ത്രീക്ക് ഖുലാഅ് പുറപ്പെടുവിക്കാവുന്നതെന്നും അറിയില്ല.

ത്വലാഖ് കൊടുക്കുന്നതിനുമുമ്പ്, വളരെ ശ്രദ്ധിക്കേണ്ടതാണ് ! അതുപോലെ ത്വലാഖ് ആവശ്യപ്പെടുന്നതിന് മുമ്പും വളരെ ആലോചിക്കേണ്ടതാണ്. കാരണം ഇതിനുശേഷം നിങ്ങളുടെ ജീവിതത്തിലുടനീളം ഖേദിക്കേണ്ടി വരും. ഖുലാഅ് പുറപ്പെടുവിക്കുന്നതിനുമുമ്പ് ഒരു സ്ത്രീ വളരെയധികം ആലോചിക്കണം. ഖുലാഅ് ഒരു ത്വലാഖ് പോലെയല്ല. അവൾക്ക് അതിന് നിലനിൽക്കുന്ന ഒരു നിശ്ചിത പരിഹാരവുമില്ല. നാളെ അവൾ തന്റെ തീരുമാനത്തിൽ ഖേദിച്ചുമടങ്ങിയാൽ, തന്റെ മുൻ ഭർത്താവിന്റെ അടുത്തു ചേരുവാൻ കഴിയില്ല. കാരണം ഖുലാഅ് എന്നത് അവസാന തീരുമാനമാണ് ! ആയതിനാൽ വളരെ ജാഗ്രത പാലിക്കേണ്ടതാണ് ! നിങ്ങളുടെ ഖുലാഅ് തീരുമാനത്തിന്റെ അനന്തരഫലങ്ങൾ ഉടനെ കാണാൻ കഴിയില്ല ; എന്നാൽ നാളെ, വരും കാലങ്ങളിൽ (പെട്ടെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഖുലാഅ് നടത്തുന്ന സ്ത്രീകൾ) ഇതിന്റെ അനന്തരഫലങ്ങൾ അവർ കാണുന്നതാണ്.

എന്റെ വെള്ളിയാഴ്ച ഖുത്തുബയുടെ വിഷയം ഞാൻ ഇവിടെ അവസാനിപ്പിക്കുകയാണ്. ! നാം ഓരോരുത്തരും വളരെ സൂക്ഷ്മത പാലിക്കുവാൻ അല്ലാഹു നമ്മെ പ്രാപ്തമാക്കട്ടെ ! നല്ലതുപോലെ ചിന്തിക്കുവാനും അല്ലാഹു സഹായിക്കട്ടെ ! അനന്തരഫലങ്ങൾ മോശമാകാതിരിക്കുവാനും കഠിനതരമായ അവസ്ഥ ഉണ്ടാകാതിരിക്കുവാനും അല്ലാഹു നമ്മെ സഹായിക്കട്ടെ ആമീൻ !

(ഖുത്തുബയ്ക്ക് ശേഷം ഖലീഫത്തുല്ലാഹ് നൽകിയ അറിയിപ്പുകൾ ദൈർഘ്യമുള്ളതിനാൽ അത് പ്രത്യേകമായി മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ് ഇൻശാ അല്ലാഹ് !)

__Translated & Issued By__
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*